**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4882** **20-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ മണിക്കിണർ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ പല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിലെ കോതമംഗലം നദിക്കു കുറുകെയുള്ള മണിക്കിണർ (കുവള്ളൂർ) പാലം വീതി കൂട്ടി പുനർ നിർമിക്കുന്നതിന് വേണ്ടി 19.02.2021 തീയതിയിലെ സ.ഉ(സാധാ)നം.253/2021/പൊ.മ.വ ഉത്തരവ് പ്രകാരം 928 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. Tentative General Design Drawing ലഭ്യമായിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. ഭൂവുടമകളുടെ എതിർപ്പ് മൂലം അലൈൻമെന്റിൽ ചെറിയ വ്യത്യാസം വന്നതിനാൽ പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭ്യമാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള Revised design തയ്യാറാക്കി വരുന്നു. |
| (ബി) | അപ്രോച്ച് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ അതിന്റെ അവസാന ഘട്ടത്തിൽ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | അപ്രോച്ച് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ 2025 ആഗസ്റ്റ് മാസം പൂർത്തീകരിക്കാനാകും എന്ന് Land Acquisition അധികാരികൾ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലത്തിന്റെ രൂപരേഖ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മണിക്കിണർ പാലത്തിന്റെ പുതുക്കിയ അലൈൻമെന്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ രൂപരേഖ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം തയ്യാറാക്കി വരുന്നു. |
| (ഡി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിൽ ആയ സാഹചര്യത്തിൽ പാലം നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | Revised Design Drawing ലഭ്യമാക്കി അതിന്റെ feasibility പരിശോധിച്ച്, സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് പാലം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ